# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 289 10.12.2012 -ൽ മറുപടിയ്ക്ക്**

**വ്യക്തികളുടെ ഫോണുകളും ഇ-മെയിലുകളും ചോർത്തുന്നതിനുള്ള വ്യവസ്ഥകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എം. ഹംസ : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) വ്യക്തികളുടെ ഫോണുകളും ഇ-മെയിലുകളും ചോർത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | എ) പൊതുസുരക്ഷയും അടിയന്തിര സ്ഥിതിയും മുൻ നിർത്തി രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര സുരക്ഷ, കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ, കേസന്വേഷണം മുതലായ കാര്യങ്ങൾ പരിഗണിച്ച് ടെലഫോൺ/ ഇ-മെയിൽ വഴിയുള്ള ആശയവിനിമയങ്ങൾ പരിശോധിക്കേണ്ടത് അത്യാവശ്യമാണെന്ന് വരുമ്പോൾ 1885 – ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വകുപ്പ് 5(2), 2000 – ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69, ഈ നിയമങ്ങളുടെ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആഭ്യന്തര വകുപ്പ് സെക്രട്ടറിയാണ് ഫോൺ/ഇ - മെയിൽ നിരീക്ഷിക്കുന്നതിന് അനുമതി നല്കുന്നത്. |
| ബി) ഈ വ്യവസ്ഥകൾ പ്രകാരം ഫോണുകളും ഇ - മെയിലുകളും ചോർത്തുന്നതിനുള്ള അനുമതിക്കായി ഈ സർക്കാരിന്റെ കാലത്ത് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| സി) എങ്കിൽ എത്ര അപേക്ഷകൾ ഈ കാലയളവിൽ നിരസിക്കുകയുണ്ടായി ; അനുമതി നൽകിയ കേസുകൾ എത്ര ;<br>ഡി) എം. എൽ. എ. മാരുടെയും മന്ത്രിമാരുടെയും ഫോൺ കോളുകൾ ചോർത്താൻ പോലീസിന് അനുവാദം നൽകേണ്ടി വന്നിട്ടുണ്ടോ ? | (സി) ആന്റ് (ഡി)<br>അതീവ രഹസ്യ സ്വഭാവമുള്ളതായതിനാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ